# PTMLPS

# മരുതൂർക്കോണം

PTMLPS,
Maruthoorkonam

# അക്കാദമിക

# മാസ്റ്റർപ്ലാൻ

## Profile

| | | |
|---|---|---|
| Name of School with Land Number | : | P.T.M.L.P.S. Maruthoor Konam |
| Name of Revenue village/ ward | : | Kottukal, Maruthoor Konam |
| Name of cluster (CRC) | : | Balaramapuram |
| Name of Panchayat | : | Kottukal |
| Name of Block with Phone number | : | Athyannoor |
| Name of District | : | Thiruvananthapuram |
| Name of HM with Mobile number | : | Asha.P.R (9895195453) |

# അക്കാദമിക മാസ്റ്റർ പ്ലാൻ

1) ആമുഖം

2) കാഴ്ചപ്പാട്

3) അവസ്ഥാപഠനം

4) പ്രശ്നങ്ങൾ

5) പൊതു ലക്ഷ്യങ്ങൾ

6) സ്കൂൾതല പ്രവർത്തനങ്ങൾ

7) പ്രവർത്തന കലണ്ടർ

8) ഉപസംഹാരം

# ആമുഖം

# ആമുഖം

## സ്കൂൾ ചരിത്രം

തിരുവിതാംകൂർ പ്രധാനമന്ത്രി, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റ്, ഐക്യ കേരളത്തിന്റെ രണ്ടാമത്തെ മുഖ്യമന്ത്രി, പഞ്ചാബ് ഗവർണർ, ആന്ധ്രാപ്രദേശ് ഗവർണർ എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ. പട്ടം താണുപിള്ളയുടെ നാമധേയത്തിൽ ആദരണീയനായ ശ്രീ. കോട്ടുകാൽ ദാമോദരൻ പിള്ളയുടെ മാനേജ്മെന്റിൻ കീഴിൽ ഈ വിദ്യാലയം 1976 ആഗസ്റ്റ് 4 ന് പ്രവർത്തനം ആരംഭിച്ചു.

235 വിദ്യാർത്ഥികളും 7 അദ്ധ്യാപകരുമായി എൽ.പി. സ്കൂളായി പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനം അന്നത്തെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന മുൻ കേരളാ ചീഫ് സെക്രട്ടറി ശ്രീ. ആർ. രാമചന്ദ്രൻ നായർ ഐ.എ.എസ്. ഉദ്ഘാടനം ചെയ്യുകയുണ്ടായി. തുടർന്ന് യു.പി. എസ് ആയും 1984-ൽ ഹൈസ്കൂൾ ആയും 1995-ൽ വൊക്കേഷണൽ ഹയർ സെക്കന്ററിയായും ഉയർത്തപ്പെട്ടു.

കാഴ്ചപ്പാട്

# കാഴ്ചപ്പാട്

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ നേടാനുള്ള പ്രവർത്തനങ്ങൾ നടത്തും. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും. ecube ഇംഗ്ലീഷ് Hello English എന്നിവയ്ക്ക് പ്രാധാന്യം നൽകും. ഭിന്നശേഷിക്കാരെക്കൂടി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തും. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകാൻ തീരുമാനിച്ചു.

അക്ഷരലോകം

## അവസ്ഥാപഠനം

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സമിതി രൂപീകരിച്ചു. സമിതിയിൽ അദ്ധ്യാപകർ, PTA, MPTA, റിസോഴ്സ് ടീച്ചർ, ഭിന്നശേഷി-യുള്ള കുട്ടികളുടെ രക്ഷിതാക്കൾ, വിദ്യാർത്ഥി പ്രതിനിധികൾ, SRG, SSG അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, അക്കാദമിക വിദഗ്ദ്ധർ എന്നിവ ഉൾപ്പെടുന്നു. അവരുടെ നേതൃത്വത്തിൽ അവസ്ഥാപഠനത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ടൂളുകൾ തയ്യാറാക്കി.

അവസ്ഥാപഠനത്തിനായി മേഖലകൾ തിരിച്ചു. അവ താഴെ പറയുന്ന-വയാണ്.

- പാഠ്യപദ്ധതി വിനിമയം
- പഠനാന്തരീക്ഷം
- അദ്ധ്യാപകർ
- ഭൗതിക സാഹചര്യം
- സാമൂഹ്യ ഇടപെടലുകൾ

### പാഠ്യപദ്ധതിവിനിമയം

പാഠ്യപദ്ധതി വിനിമയവുമായി ബന്ധപ്പെട്ട് അവസ്ഥാപഠനത്തിൽ ഒരോ

ക്ലാസിലേയും എല്ലാ വിഷയങ്ങളുടേയും വിവിധ മേഖലകൾ പഠനത്തിന് വിധേയമാക്കാൻ തീരുമാനിച്ചു. മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് താഴെ പറയുന്ന ഉപാധികങ്ങൾ പരിഗണിക്കാൻ തീരുമാനിച്ചു

- ക്ലാസ് മുറികളുടെ സജ്ജീകരണം
- ക്ലാസ് മുറികളിലെ ജനാധിപത്യം അവസരസമത്വം, സ്വതന്ത്ര ചിന്ത, ലിംഗസമത്വം എല്ലാ വിഭാഗം കുട്ടികളേയും ഉൾക്കൊള്ളുന്ന അന്തരീക്ഷം
- അനുയോജ്യമായ പഠനോപകരണങ്ങൾ.
- അധ്യാപക വിദ്യാർത്ഥിബന്ധം
- ആധുനിക സാങ്കേതിക വിദ്യയുടെ ലഭ്യതയും ഉപയോഗവും
- ക്ലാസിന് അനുയോജ്യവും അനുരൂപീകരിച്ചതുമായ ലൈബ്രറികൾ, ലബോറട്ടറികൾ ജൈവവൈവിധ്യ ഉദ്യാനം
- കളിസ്ഥലവും കളി ഉപകരണങ്ങളും
- അനുയോജ്യമായ പഠനക്ലാസ് മുറികൾ
- സ്കൂൾ പാർലമെന്റ്

ഈ ഉപാധികളുടെ സാമ്പത്തികബാധ്യത ഉയർന്നതാണ്. ചർച്ച്, അടിസ്ഥാനപരമായ വിഭവങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചു.

- സാമൂഹിക പിന്തുണ
- ദൈനംദിനാനുഭവങ്ങളും സമഗ്രാനുഭവങ്ങളും
- അദ്ധ്യാപക രക്ഷകർതൃ ബന്ധം

## <u>ഭൗതിക സാഹചര്യം</u>

മികവിന്റെ കേന്ദ്രമായി മാറുന്നതിനാവശ്യമായ ഭൗതിക സാഹചര്യം താഴെ പറയുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.

- പരിസ്ഥിതി സൗഹൃദ വിദ്യാർത്ഥി സൗഹൃദ സ്കൂൾ, ക്ലാസ് അന്തരീക്ഷം.
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലബോറട്ടറികൾ
- ഓരോ ക്ലാസിനും അനുയോജ്യമായ ലൈബ്രറികൾ
- കളിസ്ഥലവും കളിയുപകരണങ്ങളും
- മതിയായ എണ്ണം ശുചിമുറികൾ
- ശുദ്ധ ജലലഭ്യത
- വിദ്യാർത്ഥി സൗഹൃദ ഭിന്നശേഷി സൗഹൃദ ഫർണിച്ചർ.
- മതിയായ ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത.

# സാമൂഹ്യ ഇടപെടലുകൾ

സാമൂഹിക ഇടപെടലുകളുമായി ബന്ധപ്പെട്ട് താഴെ പറയുന്നവ ശക്തിപ്പെടുത്താൻ തീരുമാനിച്ചു

- പി.ടി.എ
- എസ്.എം.സി
- മദർ പി.ടി.എ.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ
- പൂർവ്വ വിദ്യാർത്ഥികൾ
- വിദ്യാലയ വികസന സമിതി.

## അദ്ധ്യാപകർ

## നിലവിലെ അവസ്ഥ

| വിഭാഗം | അദ്ധ്യാപകരുടെ എണ്ണം |
| --- | --- |
| എൽ.പി. വിഭാഗം | 4 |

വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും അനുയോജ്യമായ രീതിയിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്നതാണ് വിദ്യാലയത്തിന്റെ പ്രഖ്യാപിത ലക്ഷ്യം. രാവിലെ 10 മണി മുതൽ 4 മണി വരെയാണ് സ്കൂളിലെ പ്രവർത്തി സമയം. ഉച്ചയ്ക്ക് 1 മണി മുതൽ 2 മണി വരെ ഉച്ചഭക്ഷണ ബ്രേക്ക് ഉണ്ടെങ്കിലും അതിന്റെ സമയം കുറച്ചിട്ട് ബാക്കി സമയത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തി വരുന്നു.

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അദ്ധ്യാപകർ താഴെ പറയുന്ന ഘടകങ്ങൾ ഉപയോഗിച്ച് സ്വന്തമായി വിലയിരുത്തുന്നു.

- സ്വാതന്ത്ര്യവും നിർഭയവുമായ അന്തരീക്ഷം
- പഠനസാമഗ്രികളുടെ യഥാസമയ ലഭ്യത
- ആവശ്യമായ പ്രാദേശിക വിഭവങ്ങൾ

# നേട്ടങ്ങൾ

കഴിഞ്ഞ അദ്ധ്യയന വർഷം L.S.S ന് ഈ സ്കൂളിലെ അമലേന്ദു A.S അർഹയായി. ശാസ്ത്ര, ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേളയിൽ ഈ സ്കൂളിൽ നിന്നും കുട്ടികളെ പങ്കെടുപ്പിക്കുന്നുണ്ട്. മുൻ വർഷങ്ങളിൽ കുട്ടികൾക്ക് A,B എന്നീ ഗ്രേഡുകൾ ലഭിക്കുന്നുണ്ട്.

# പ്രശ്നങ്ങൾ

## പ്രശ്നങ്ങൾ

## പരിമിതികൾ

- ബസ്സുകൾ കുറവായതിനാൽ കുട്ടികൾ വിദ്യാലയത്തിലേക്ക് വരുന്നതിനും പോകുന്നതിനും പ്രയാസം അനുഭവിക്കുന്നു.

- കമ്പ്യൂട്ടർ, ലാപ്ടോപ്പ് തുടങ്ങിയവ മതിയായ എണ്ണം സ്കൂളിൽ ഇല്ല. അതിനാൽ വിവരസാങ്കേതിക വിദ്യ ക്ലാസ്സ് മുറിയിൽ ഫലപ്രദമായി പ്രയോഗിക്കുന്നതിനും ഐ.ടി എനേബിൾഡ് ക്ലാസ്സ്റൂം ട്രാൻസാക്ഷനുള്ള വിവിധ സാധ്യതകൾ കണ്ടെത്തുന്നതിനും പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

# പരിമിതികൾ

വിദ്യാലയത്തിൽ ഉള്ള എല്ലാ കമ്പ്യൂട്ടറുകളും പ്രവർത്തിക്കാത്ത അവസ്ഥയാണ്. അവ നന്നാക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് തലത്തിൽ നിന്ന് ഉണ്ടാകണം. ക്ലാസ്സിലുള്ള കുട്ടികൾക്ക് അനുസൃതമായി ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കിത്തരണം. ഒരു സ്മാർട്ട് ക്ലാസ്സും ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം. സ്കൂളിൽ എത്താൻ ആവശ്യമായ ഗതാഗതം സംവിധാനം ഇല്ല. ട്രാൻസ്പോർട് ബസ്സ് സ്കൂളിൽ എത്തുന്നതിനുള്ള സംവിധാനം ഗവൺമെന്റ് തലത്തിൽ നിന്നും ഉണ്ടാകണം. കലാ കായിക പ്രവർത്തനങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം. ഗവൺമെന്റ്, എയ്ഡഡ് എന്നി വേർതിരിവില്ലാതെ എല്ലാ കുട്ടികൾക്കും ഒരു പോലെ വിഭവങ്ങൾ ലഭ്യമാകത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് തലത്തിൽ നിന്നും ഉണ്ടാകണം.

பொருளடக்கம்

# പൊതുലക്ഷ്യങ്ങൾ

→ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ച് എന്ന് ഉറപ്പ് വരുത്തും.

→ ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് അവസരം ഒരുക്കും.

→ ഓരോ പാദം പൂർത്തിയാവുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കളെയും സമൂഹത്തെ അറിയിക്കും.

→ കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

→ എല്ലാ കുട്ടികളും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള സംവിധാനം ഉറപ്പുവരുത്തും.

സ്കൂൾ തല
പ്രവർത്തനങ്ങൾ

# സ്കൂൾതല പ്രവർത്തനങ്ങൾ

| നമ്പർ | നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1 | നിർവഹണസമിതി (സ്കൂൾതല റിസോഴ്സ് ഗ്രൂപ്പ്, മോണിറ്ററിങ് സമിതി രൂപീകരിക്കൽ | HM, SMC ചെയർമാൻ |
| 2 | പുതിയ മാർഗരേഖ വിശദമായി ചർച്ച ചെയ്യൽ | HM, SRG കൺവീനർ |
| 3 | അവസ്ഥാപഠനം നടത്തൽ | SRG ഗ്രൂപ്പ് ചുമതല ഏറ്റെടുത്ത അധ്യാപകർ |
| 4 | കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ | HM, SRG കൺവീനർ, PTA, MPTA |
| 5 | മാസ്റ്റർ പ്ലാൻ അന്തിമരൂപമാക്കൽ, ശില്പശാല | ശില്പശാല ചുമതലപ്പെടുത്തിയ ഗ്രൂപ്പ് HM, PTA പ്രസിഡന്റ് SRG കൺവീനർ |
| 6 | മാസ്റ്റർപ്ലാൻ പ്രകാശനവും സെമിനാറും. | HM |
| 7 | സ്കൂൾതല മാസ്റ്റർപ്ലാനിലെ തുടർ സാധ്യതകളുടെ ഭാഗമായി ക്ലാസ് തലത്തിലെ പ്ലാൻ, വ്യക്തിഗത മാസ്റ്റർപ്ലാൻ എന്നിവയായി രൂപപ്പെടുത്തൽ | SRG കൺവീനർ ക്ലാസ് ടീച്ചർമാർ |
| 8 | വ്യക്തിഗത മാസ്റ്റർ പ്ലാൻ വിപുലപ്പെടുത്തൽ | ക്ലാസ് ടീച്ചർ |

| നമ്പർ | നടപ്പാക്കേണ്ട പ്രവർത്തനം | ചുമതല | |
|---|---|---|---|
| 9 | അക്കാദമിക മാസ്റ്റർ പ്ലാൻ പ്രതിമാസ വിലയിരുത്തൽ | മോണിറ്ററിംഗ് സമിതി, SSK AEO | |
| 10 | ഇടക്കാല വിലയിരുത്തലും പ്രദർശനവും | നിർവഹണ സമിതി, മോണിറ്ററിംഗ് സമിതി, SSK AEO | |
| 11 | വർഷാന്ത്യ വിലയിരുത്തൽ, സെമിനാർ, പ്രദർശനം | നിർവഹണ സമിതി, മോണിറ്ററിംഗ് സമിതി, SSK AEO | |

തിനും കുട്ടികളിലുണ്ടായ പഠന വിടവ് നികത്തുന്നതിനും 5 മേഖലകളായി തിരിച്ച് പ്രവർത്തനങ്ങൾ നൽകാൻ തീരുമാനിച്ചു. അവ താഴെ പറയുന്നവയാണ്.

- ഭാഷാ വികാസ മേഖല
- വൈജ്ഞാനിക മേഖല
- ശാരീരിക ചാലകശേഷി വികാസ മേഖല
- സർഗാത്മക സൗന്ദര്യാത്മക വികാസ മേഖല
- വൈകാരിക വികാസ മേഖല

അക്കാദമിക മാസ്റ്റർപ്ലാനുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചു

- ദശപുഷ്പത്തോട്ടം
- ആഴ്ചയിലൊരിക്കൽ സർഗവേദി
- ICT അധിഷ്ഠിത പ്രവർത്തനങ്ങൾ
- ക്ലാസ് ലൈബ്രറി
- വീടൊരുവിദ്യാലയം തുടർപ്രവർത്തനമായി നൽകൽ, ഗണിതമൂല, വായനമൂല സജ്ജമാക്കൽ
- ഗണിതം മധുരം
  : ലൈബ്രറിയിലെ ഗണിത പുസ്തകങ്ങൾ കണ്ടെത്തുന്നു.
  : ഉല്ലാസഗണിതം, ഗണിതകിറ്റ്, ഗണിത പതിപ്പ് എന്നിവ തയ്യാറാക്കൽ
- Talkshow
  : കുട്ടികൾക്ക് ഇംഗ്ലീഷ് കേൾക്കാനവസരം

L.S.S ന് കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച് L.S.S ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

വായന ചങ്ങാത്തത്തിന് മധുരമുള്ള പ്രവർത്തനങ്ങൾ നൽകാൻ തീരുമാനിച്ചു.

[illegible]

| Sl No | Name of Programme | Time | Charge | Finance | Remarks |
|---|---|---|---|---|---|
| 1 | SRG യോഗം | Jun 3 - | | | |
| 2 | സ്കൂൾ പച്ചക്കറിത്തോട്ടം | June 5 - 10 | | | |
| 3 | വായനക്കളരി നവീകരണം | June 19 - 26 | | | |
| 4 | PTA/MPTA ജനറൽബോഡി | Jun 23 - | | | |
| 5 | SRG യോഗം | July 1 - | | | |
| 6 | ബഷീർ ചരമദിനം | July 5 - | മലയാളം | | |
| 7 | PTA/MPTA പ്രവർത്തകസമിതി | July 8 - | | | |
| 8 | ലോകജനസംഖ്യാദിനം | July 11 - Mon | SS ക്ലബ്ബ് | | |
| 9 | ക്ലാസ് ശാസ്ത്രലാബ് - ശിൽപശാല<br><br>കുട്ടികളെ തിരഞ്ഞെടുത്ത് ഏകദിന ശിൽപശാല നടത്തുന്നു. ഓരോ ക്ലാസിലേക്കും 15 - 20 വീതം പഠനോപകരണങ്ങൾ ഉണ്ടാക്കുന്നു. ക്ലാസ്സലത്തിൽ ശാസ്ത്രലാബ് ക്രമീകരിക്കുന്നു. | July 16 - | Sci ക്ലബ്ബ് | | |
| 10 | ചാന്ദ്രദിനം | July 21 - | Sci ക്ലബ്ബ് | | |
| 11 | സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് | July 22 - | IT, SS ക്ലബ്ബ് | | |
| 12 | മുന്നേറ്റം<br>(മലയാളഭാഷാപഠനത്തിൽ പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം) | July 16 -<br>July 23 -<br>July 30 - | വിദ്യാരംഗം ക്ലബ് | | |
| 13 | SRG യോഗം | July 29 - | | | |
| 14 | പ്രേംചന്ദ് ദിനം | July 31 - | HI ക്ലബ്ബ് | | |
| 15 | E Radio<br>PTA/MPTA പ്രവർത്തകസമിതി | <br>Aug 5 - | Eng ക്ലബ്ബ് | | |
| 16 | ഹിരോഷിമദിനം | Aug 6 - | SS ക്ലബ്ബ് | | |
| | മുന്നേറ്റം<br>(ഗണിതപഠനത്തിൽ പിന്നാക്കാവസ്ഥ | Aug 6 - | | | |

| | | | | | |
|---|---|---|---|---|---|
| | മൊഡ്യൂൾ തയ്യാറാക്കി പരിശീലനം) | Aug 20 - | | | |
| 18 | സ്വാതന്ത്ര്യദിനാഘോഷം | Aug 15 - | Lan ക്ലബ്ബ് | | |
| 19 | SRG യോഗം | Aug 26 - | | | |
| 20 | ഓണാഘോഷം,<br>PTA/MPTA പ്രവർത്തകസമിതി | Sep 2 - | Maths ക്ലബ്ബ് | | |
| 21 | നാടക ക്യാമ്പ്<br>(അഭിനയ താൽപര്യമുള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന നാടകശിൽപശാല) | Sep 3 - | വിദ്യാരംഗം | | |
| 22 | അധ്യാപകദിനം | Sep 5 - | Eng ക്ലബ്ബ് | | |
| 23 | ഓസോൺ ദിനം | Sep 16 - | Sci ക്ലബ്ബ് | | |
| 24 | സാഹിത്യശിൽപശാല<br>(സാഹിത്യാഭിരുചിയുള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന രചനാശിൽപശാല, കയ്യെഴുത്ത് മാസിക പ്രകാശനം) | Sep 17 - | വിദ്യാരംഗം | | |
| 25 | CPTA | Sep 23 - | | | |
| 26 | SRG യോഗം | Sep 30 - | | | |
| 27 | തൊഴിൽ പരിശീലനം<br>( 4-ാം ക്ലാസിലെ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സോപ്, സോപ് കവർ നിർമാണം) | Oct 1 - | | | |
| 28 | ഗാന്ധിജയന്തി | Oct 2 - | ക്ലബ്ബ് | | |
| 29 | PTA/MPTA പ്രവർത്തകസമിതി | Oct 7 - | | | |
| 30 | പുസ്തകവണ്ടി<br>(സ്കൂൾ പ്രദേശത്ത് വായനയുടെ പ്രാധാന്യം പ്രചരിപ്പിക്കുകയും സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം ശേഖരിക്കുകയും) | Oct 22 - | | | |
| 32 | SRG യോഗം | Oct 28 - | | | |
| 32 | PTA/MPTA പ്രവർത്തകസമിതി | Nov 4 - | | | |
| 33 | തൊഴിൽ പരിശീലനം<br>എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് ജാം, മിക്സ്ചർ, കാരറ്റ് ഹൽവ നിർമ്മാണം | Nov 12 - | | | |

| | | | | | |
|---|---|---|---|---|---|
| 34 | ശിശുദിനം | Nov 14 - | Lan ക്ലബ്ബ് | | |
| 35 | SRG യോഗം | Nov 25 - | | | |
| 36 | സ്കൂൾ പൂന്തോട്ടനിർമാണം<br>(വെർട്ടിക്കൽ ഗാർഡൻ, പോട്ടിംഗ് മിക്സ്ചർ എന്നിവ തയ്യാറാക്കുന്നു, ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നു.) | Nov 26 - | | | |
| 37 | PTA/MPTA പ്രവർത്തകസമിതി | Dec 2 - | | | |
| 38 | ക്ലാസ് ഗണിതലാബ് - ശിൽപശാല<br><br>കുട്ടികളെ തിരഞ്ഞെടുത്ത് ഏകദിന ശിൽപശാല നടത്തുന്നു. ഓരോ ക്ലാസിലേക്കും 15 – 20 വീതം പഠനോപകരണങ്ങൾ ഉണ്ടാക്കുന്നു. ക്ലാസ്സുലത്തിൽ ഗണിതലാബ് ക്രമീകരിക്കുന്നു. | Dec 10 - | Maths ക്ലബ്ബ് | | |
| 39 | ശ്രീനിവാസരാമാനുജൻ ദിനം | Dec 22 - | Maths ക്ലബ്ബ് | | |
| 40 | SRG യോഗം | Dec 23 - | | | |
| 41 | PTA/MPTA പ്രവർത്തകസമിതി | Jan 6 - | | | |
| 42 | CPTA | Jan 13 - | | | |
| 43 | തൊഴിൽ പരിശീലനം<br>4-ാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് ക്രാഫ്റ്റ് പരിശീലനം. പെൻസ്റ്റാന്റ്, കൗതുകവസ്തുക്കൾ തുടങ്ങിയവ നിർമിക്കുന്നു.) | Jan 14 - | | | |
| 44 | റിപ്പബ്ലിക് ദിനം | Jan 26 - | ക്ലബ്ബ് | | |
| 45 | SRG യോഗം | Jan 27 - | | | |
| 46 | നീന്തൽ/സൈക്കിൾ പരിശീലനം | Jan 28 - | | | |
| 47 | PTA/MPTA പ്രവർത്തകസമിതി | Feb 3 - | | | |
| 48 | Lan lab Inauguration | Feb 10 - | Eng ക്ലബ്ബ് | | |
| 49 | ആരോഗ്യക്ലാസ്, പോഷകാഹാരമേള ഏകദിനക്യാമ്പ് | Feb 11 - | | | |

| | | | | | |
|---|---|---|---|---|---|
| 52 | PTA/MPTA പ്രവർത്തകസമിതി | Mar 4 - | | | |
| 53 | പഠനോത്സവം (കുട്ടികൾ പഠനത്തെളിവുകളും ഉൽപന്നങ്ങളും പ്രദർശിപ്പിക്കുന്നു.) | Mar 7 - | SRG | | |
| 54 | SRG യോഗം | Mar 25 - | | | |

# ഉപസംഹാരം

# ഉപസംഹാരം

വാർഡ് മെമ്പർ, ഹെഡ്മാസ്റ്റർ, SRG കൺവീനർ മറ്റ് അദ്ധ്യാപകർ, PTA/MPTA അദ്ധ്യക്ഷൻമാർ ഒരുമിച്ചിരുന്ന് വിദ്യാലയ അക്കാദമിക മാസ്റ്റർപ്ലാൻ സംബന്ധിച്ച് പൊതു ധാരണയിലെത്തി. ഈ ധാരണയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ സഹായത്താൽ അക്കാദമിക വികസന കാഴ്ചപ്പാട് കരടുരേഖ തയ്യാറാക്കി. സ്കൂളിലെ അദ്ധ്യാപക അനദ്ധ്യാപക യോഗത്തിൽ അക്കാദമിക വികസനരേഖ അവതരിപ്പിച്ച് മെച്ചപ്പെടുത്തി. ഇപ്രകാരം രൂപപ്പെട്ടുവന്ന അക്കാദമിക മാസ്റ്റർപ്ലാനിന് സ്റ്റാഫ് കൗൺസിൽ എസ്. ആർ. ജി എന്നിവ ചേർന്ന് അന്തിമ രൂപം നൽകി. മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യമായും നടക്കുന്നുണ്ടോ എന്നും നടന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എത്രമാത്രമുണ്ടെന്നും ആവശ്യമായ മാറ്റങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാനായി ഒരു സമിതി രൂപീകരിച്ചു.